**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 678** **24-06-2026-ൽ മറുപടിയ്ക്ക്**

**സാമൂഹിക പഠന മുറികളുടെ പ്രവർത്തനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി .എം. എ. സമീർ

ശ്രീ. എം. റഹമത്തുള്ള

ശ്രീ. ഫൈസൽ ബാബു

ശ്രീ. പി. കെ. നവാസ്

**മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികവർഗ്ഗ മേഖലകളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി ആരംഭിച്ച സാമൂഹിക പഠനമുറികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** പട്ടികവർഗ മേഖലകളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുക, അവരുടെ സർഗാത്മക ശേഷികൾ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകുക, സമ്പൂർണമായ എൻറോൾമെന്റും റീറ്റെൻഷനും (enrollment and retention) ഉറപ്പാക്കി ഉയർന്ന ഗ്രേഡുകളിൽ ബോർഡ് പരീക്ഷകൾ വിജയിക്കുവാൻ പ്രാപ്തരാക്കുക, പഠനത്തോടൊപ്പം കരിയർ നൈപുണ്യ പരിശീലനങ്ങൾ നൽകുക തുടങ്ങിയ പ്രവർത്തനങ്ങളാണ് സാമൂഹിക പഠനമുറി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. 3 ഘട്ടങ്ങളിലായി 364 സാമൂഹ്യ പഠന മുറികൾ ആരംഭിച്ചതിൽ കുട്ടികളുടെ എണ്ണം യാത്ര സൗകര്യം എന്നിവ കണക്കിലെടുത്തു നിലവിൽ 350 എണ്ണം പ്രവർത്തിച്ചുവരുന്നുണ്ട്.

**(ബി)** പഠനമുറികളുടെ മേൽനോട്ടം വഹിക്കുന്ന ഫെസിലിറ്റേറ്റർമാരുടെ വേതനവും വിതരണം ചെയ്യുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ചെലവിനുള്ള തുകയും യഥാസമയം നൽകാൻ കഴിയുന്നുണ്ടോ; വിശദമാക്കാമോ;

**മറുപടി:** പഠനമുറികളുടെ മേൽനോട്ടം വഹിക്കുന്ന ഫെസിലിറ്റേറ്റർമാരുടെ വേതനവും വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ചെലവിനുള്ള തുകയും നൽകുന്നതിന് ഈ സാമ്പത്തിക വർഷം വിവിധ ജില്ലാ ഓഫീസർമാർക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി തുക അനുവദിക്കുന്ന ശീർഷകം മുൻകാലങ്ങളിൽ ധനവ്യയ നിയന്ത്രണത്തിൽ ഉൾപെടുമ്പോൾ ഫണ്ട് സമയ ബന്ധിതമായി അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

**(സി)** അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സാമൂഹിക പഠനമുറികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**മറുപടി:** സംസ്ഥാനത്ത് ആകെ 3 ഘട്ടങ്ങളിലായി 364 സാമൂഹ്യ പഠന മുറികൾ ആരംഭിച്ചതിൽ കുട്ടികളുടെ എണ്ണം, യാത്ര സൗകര്യം എന്നിവ കണക്കിലെടുത്തു നിലവിൽ 350 എണ്ണം പ്രവർത്തിച്ച

വരുന്നുണ്ട്. അനുവദിച്ചിരുന്നവയിൽ മതിയായ കുട്ടികളുടെ എണ്ണം ലഭിക്കാത്ത സാമൂഹ്യ പഠനമുറികൾ നിർത്തലാക്കേണ്ടി വരുന്ന സാഹചര്യത്തിൽ കൂടുതൽ കുട്ടികളുള്ള ഉന്നതികളിൽ കുട്ടികൾക്ക് സൗകര്യപ്രദമാകുന്ന സ്ഥലങ്ങളിൽ സാമൂഹ്യ പഠന മുറികൾ മാറ്റി സ്ഥാപിക്കുന്നതിന് ജില്ലാ തല ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. സാമൂഹ്യ പഠനമുറികളിലെ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും കേടുപാടുകൾ പരിഹരിക്കുന്നതിന് AMC നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പുമായി ചേർന്ന് തിരെഞ്ഞെടുത്ത സാമൂഹ്യപഠനമുറികളിൽ **അക്ഷരോന്നതി** പദ്ധതി നടപ്പിലാക്കി വരുന്നു. ലൈബ്രറി സംവിധാനങ്ങൾ ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപ്പു വർഷത്തെ വേനലവധി കാലയളവിൽ സാമൂഹ്യ പഠന മുറികളിൽ പഠനോത്സവം എന്ന പേരിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**